LIBRARY ARCHIVES Kerala Legislative Assembly

അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി

280 (3102) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാതയോരങ്ങളിൽ അപകടകരമാം വിധത്തിലുള്ള വൃക്ഷങ്ങൾ വീണ് യാത്രക്കാർക്ക് ജീവഹാനിയും പരിക്കുകളുംപറ്റുന്ന സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇവ നീക്കം ചെയ്യുന്നതിന് കാലതാമസം എടുക്കുന്നതും വിവിധ വകുപ്പുകളിൽനിന്നും മരം മുറിക്കുന്നതിനുള്ള അനുമതി വൈകുന്നതും ഒഴിവാക്കാൻ എന്തുനടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ ഇത്തരം പരാതികൾ എവിടെ നൽകണമെന്നും ഇതിനുള്ള പരിഹാരം ഏത് വകുപ്പിൽ നിന്നും ലഭിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിൽ പൊതുസ്ഥലത്ത് ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നത് സംബന്ധിച്ച് 11-7-2013-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ, അതാത് വകുപ്പുതല ഉദ്യോഗസ്ഥന്മാർ ബന്ധപ്പെട്ട ആർ.ഡി.ഒ./എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുമ്പാകെ സി.ആർ.പി.സി. സെക്ഷൻ 133 പ്രകാരമുള്ള അപേക്ഷ സമർപ്പിച്ച് 15 ദിവസത്തിനകം മുറിച്ചു മാറ്റേണ്ടതാണെന്നും ഇക്കാര്യത്തിൽ അപേക്ഷ ലഭിച്ച ഉടൻതന്നെ ആർ.ഡി.ഒ./ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ഇക്കാര്യത്തിൽ അനുമതി നൽകേണ്ടതാണെന്നും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ 27-6-2015-ലെ 16240/എച്ച്1/2015/പൊ.മ.വ. സർക്കാർ സർക്കുലർ പ്രകാരം അപകടകരമായ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് സാമൂഹ്യവന വൽക്കരണ വിഭാഗത്തിൽ ലഭിക്കുന്ന അപേക്ഷകൾ അപ്പോൾത്തന്നെ സത്വര നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ബന്ധപ്പെട്ട ആർ.ഡി.ഒ./എക്സ്ക്യൂട്ടീവ് മജിസ്ട്രേറ്റ് മുമ്പാകെ മരംമുറിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ നൽകിയാൽ ഉടൻതന്നെ ആർ.ഡി.ഒ./ എക്സ്ക്യൂട്ടീവ് മജിസ്ട്രേറ്റ് അനുമതി നൽകുന്നതാണ്. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 പ്രകാരം അപകടകരമായ മരങ്ങൾ മുറിക്കുകയോ, ശിഖരം മുറിക്കുകയോ ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് അധികാരമുള്ളതാണ്. സമാനമായ വ്യവസ്ഥകൾ മുൻസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 412-ലുമുള്ളതാണ്.

കാട്ടുമൃഗങ്ങളുടെ ആക്രമണം

281 (3103) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും ജീവനും ഭീഷണിയുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര ആക്രമണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ആക്രമണങ്ങൾക്കിരയായവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം വകുപ്പ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപ ; നഷ്ടപരിഹാരം നിശ്ചയിക്കാനുള്ള മാനദണ്ഡം എന്താണെന്ന് വിശദീകരിക്കാമോ ;

(ബി) വനമേഖലയോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിലേക്ക് കാട്ടുമൃഗങ്ങൾ ഇറങ്ങുന്നതുതടയാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ ഭാഗങ്ങളിലാണ് സംരക്ഷണം ഒരുക്കിയിരിക്കുന്നത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച് 9172 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആക്രമണങ്ങൾക്കിരയായവർക്ക് നഷ്ടപരിഹാരമായി 18,07,03,587 രൂപ അനുവദിച്ചിട്ടുണ്ട്. 1980-ലെ കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന ചട്ടപ്രകാരം വന്യജീവി ആക്രമണം മൂലമുണ്ടായ കൃഷിനാശം, ജീവഹാനി, പരിക്ക് മുതലായവയ്ക്ക് നഷ്ടപരിഹാരം

LIBRARY ARCHIVES Kerala Legislative Assembly